**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 990** **18-09-2025 - ൽ മറുപടിയ്ക്ക്**

**മിയാവാക്കി മാതൃകയിൽ വനവൽക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മിയാവാക്കി മാതൃകയിൽ വനവൽക്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കാലടി പ്രകൃതി പഠനകേന്ദ്രത്തിനു കീഴിലെ നെടുമ്പാശ്ശേരി സുവോർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് എന്നിവിടങ്ങളിൽ 2020-2021 വർഷത്തിൽ മിയാവാക്കി വനം ആവിഷ്കരിച്ചിട്ടുള്ളതാണ്. തുടർന്ന് ഇതേ ആശയം ഉൾക്കൊള്ളിച്ച് സാമൂഹ്യ വനവത്കരണ വിഭാഗം നഗരപ്രദേശങ്ങളിൽ നഗരവനം, വിദ്യാലയങ്ങളിൽ വിദ്യാവനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്താകെ 2020-21 മുതൽ 2024-25 വരെ 40 നഗരവനങ്ങളും, വിവിധ വിദ്യാലയങ്ങളിലായി 128 വിദ്യാവനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായി എത്ര സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് കാലടി പ്രകൃതി പഠനകേന്ദ്രത്തിനു കീഴിലെ നെടുമ്പാശ്ശേരി സുവോർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് എന്നിവിടങ്ങളിലാണ് 2020-2021 വർഷത്തിൽ മിയാവാക്കി വനം ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നഗരവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് മറ്റ് ജില്ലകളിലും നഗരവനം പദ്ധതി നടപ്പിലാക്കാവുന്നതാണ്. 2025-26 വർഷത്തിൽ വിദ്യാവനം നടപ്പിലാക്കുന്നതിനായി കണ്ടെത്തിയ സ്ഥലങ്ങളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇപ്രകാരം നട്ടുവളർത്തുന്ന മരങ്ങളും ചെടികളും സംരക്ഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | മിയാവാക്കി വനങ്ങളുടെ പരിപാലനം വനവകുപ്പും, വിദ്യാവനം പദ്ധതിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും |

| | | | |
|---|---|---|---|
| | | | സ്കൂളുകളിലേയും കോളേജുകളിലേയും അദ്ധ്യാപകർ, ഫോറസ്ട്രി ക്ലബ്ബുകളിലെ വിദ്യാർത്ഥികൾ എന്നിവരുടെ സജീവ പങ്കാളിത്തത്തിലും, നഗരവനം പദ്ധതിയുടെ നടത്തിപ്പും തുടർപരിചരണവും പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ഥാപനങ്ങളിലും നിക്ഷിപ്തമാണ്. |
| (ഡി) | വനവൽക്കരണത്തിനായി എന്തെല്ലാം പുതിയ കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സാമൂഹ്യ വനവത്കരണവിഭാഗത്തിൻകീഴിൽ വനവൽക്കരണത്തിനായി ആരംഭിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br><u>കൽപ്പതരു</u><br><br>സർക്കാർ ഉത്തരവ് GO (Rt)നമ്പർ. 316/2025/F&WLDതീയതി 05.08.2025 പ്രകാരം കൽപ്പതരു പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ലഭ്യമാകുന്ന സ്ഥലങ്ങളിൽ ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ളൈ ഗാർഡൻ, സ്കൂൾ/ കോളേജുകളിൽ ഔഷധത്തോട്ടം, പരിഹാര വനവൽക്കരണം, അർബൻ ഫോറസ്ട്രി & അവന്യൂ പ്ലാന്റിംഗ്, അഗ്രോ ഫോറസ്ട്രി Coastal Eco Restoration, പരിഹാര വനവത്കരണം, ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.<br><br><u>ട്രീ ബാങ്കിംഗ്</u><br><br>കേരള സർക്കാർ സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് 137/2025/വനം, തീയതി 29.03.2025 പ്രകാരം സംസ്ഥാന സർക്കാർ ട്രീ ബാങ്കിംഗ് പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളതാണ്. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ  ആക്കുക, വിപണിയിൽ തടി ലഭ്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണ് “ട്രീ ബാങ്കിംഗ് പദ്ധതി”. കൂടാതെ വനേതര പ്രദേശങ്ങളിൽ, പ്രത്യേകിച്ച് സ്വകാര്യ ഉടമസ്ഥതയിലുള്ള പ്രദേശങ്ങളിൽ, വൃക്ഷവൽക്കരണ-പരിപാലന പ്രവർത്തനങ്ങൾ<br><br>പ്രോത്സാഹിപ്പിച്ച് കേരളത്തിന്റെ ഹരിതാഭ വർദ്ധിപ്പിക്കുവാനും കർഷകന് അതുമൂലം അധിക വരുമാനം ഉറപ്പുവരുത്തുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ളതാണ് ട്രീ ബാങ്കിംഗ് പദ്ധതി. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ക്രമ.നമ്പർ** | **ജില്ല** | **എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 8 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 5 |
| 4 | കോട്ടയം | 1 |
| 5 | എറണാകുളം | 6 |
| 6 | തൃശ്ശൂർ | 2 |
| 7 | ഇടുക്കി | 3 |
| 8 | കണ്ണൂർ | 2 |
| 9 | വയനാട് | 2 |
| 10 | മലപ്പുറം | 1 |
| 11 | കോഴിക്കോട് | 4 |
| | **ആകെ** | **36** |